**കണ്ടന്റ് എഡിറ്റർ പാനലിൽ അപേക്ഷിക്കാം**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പദ്ധതിയിൽ കണ്ടന്റ് എഡിറ്റർ പാനലിലേക്ക് അപേക്ഷിക്കാം. അപേക്ഷകൾ, ബയോഡേറ്റയും ബന്ധപ്പെട്ട യോഗ്യതാ സർട്ടിഫിക്കറ്റുകളും സഹിതം cvcontenteditor@gmail.com എന്ന ഇ മെയിലിൽ 2025 ഫെബ്രുവരി 22 നകം ലഭിക്കണം. പരമാവധി ഒരു വർഷ കാലയളവിലേക്കാണ് പാനൽ രൂപീകരിക്കുന്നത്. വിശദാംശം ചുവടെ:

**ചുമതല:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായുള്ള വീഡിയോകൾ എഡിറ്റ് ചെയ്ത് നൽകണം. സോഷ്യൽ മീഡിയ പ്രചാരണത്തിന് ആവശ്യമായ വീഡിയോകളും ഷോട്ട്സും എഡിറ്റ് ചെയ്യണം. പ്രിസം അംഗങ്ങൾ തയ്യാറാക്കുന്ന വികസന വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, മറ്റു കണ്ടന്റുകൾ എന്നിവയുടെ ആർക്കൈവിംഗ്.

**യോഗ്യത:** പ്ലസ് ടുവും വീഡിയോ എഡിറ്റിങ്ങിൽ ഡിഗ്രി/ ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സും പാസായിരിക്കണം. പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന.

**പ്രായപരിധി:** 35 വയസ്

**തിരഞ്ഞെടുപ്പ്:** എഴുത്ത് പരീക്ഷ, ഇന്റർവ്യൂ

ഡയറക്ടർ